भारतीय गैर न्यायिक

भारत INDIA

रु. 500 FIVE HUNDRED RUPEES

पाँच सौ रुपये Rs. 500

सत्यमेव जयते

INDIA NON JUDICIAL

കേരളം केरल KERALA N 114447

## ലൈസൻസ് എഗ്രിമെന്റ്.

2024 ജൂലായ് മാസം 17-ാം തിയ്യതി (രണ്ടായിരത്തി ഇരുപത്തി നാല് ജൂലായ് മാസം പതിനേഴാം തിയ്യതി) പട്ടാമ്പി താലൂക്ക് നേതിരിമംഗലം അംശം ദേശത്ത്, ശങ്കരമംഗലം (പി.ഒ) പൂവ്വത്തിങ്കൽ **മുഹമ്മദ്,** മക്കൾ **1. അമീർ അലി, 2.നൗഷാദ്, 3. റഷീദ്, 4.ഫൈസൽ, 5.നൗഫൽ,** എന്നിവർ ഒന്നാംപാർട്ടിയായും **സഹീർ മുഹമ്മദ്.** പി.കെ , s/o കുഞ്ഞഹമ്മദ്, പറമ്പിൽ ഹൗസ്, നാഗലശ്ശേരി, കൂറ്റനാട്, പാലക്കാട് ജില്ല എന്നയാൾ രണ്ടാംപാർട്ടിയായും എഴുതിവെച്ച ലൈസൻസ് എഗ്രിമെന്റ്.

ഒന്നാംപാർട്ടി

P. Ameerali

P. Noushad

P Rasheed

Faisal P

Noufal

രണ്ടാംപാർട്ടി

സഹീർ മുഹമ്മദ് P.K

Sl. 10550

17-7-2024

MOHAMED RAFEEK. K. P
M.M.C & S.R.O. VENDOR
PATTAMBI

SUB TREASURY PATTAMBI
Date 3 JUL 2024

1. നമ്മളിൽ ഒന്നാംപാർട്ടിക്ക് അവകാശപ്പെട്ടതും ഒന്നാംപാർട്ടിയുടെ യഥാർത്ഥ കൈവശത്തിൽ നിന്ന് വരുന്നതുമായ പട്ടാമ്പി താലൂക്ക് പട്ടാമ്പി നഗരസഭയിൽ മേലെ പട്ടാമ്പി പാലക്കാട് റോഡിൽ **എം.കെ ടവർ** എന്ന കെട്ടിടത്തിലെ 1-ാം നിലയിലുള്ള 17/131-4 കെട്ടിടമുറി **H&S Tours and Travels** എന്ന പേരിൽ സ്ഥാപനം നടത്തേണ്ട ആവശ്യത്തിന് വേണ്ടി ഒരു ലൈസൻസ് അനുവാദം ഇന്നു മുതൽ 11 മാസക്കാലത്തേക്ക് ഒന്നാംപാർട്ടി രണ്ടാംപാർട്ടിക്ക് ഇതിനാൽ നൽകിയിരിക്കുന്നു.

2. മേപ്പടി കെട്ടിടമുറിയെ സംബന്ധിച്ചിടത്തോളം ഒന്നാംപാർട്ടി ലൈസൻസറും രണ്ടാംപാർട്ടി ലൈസൻസിയും ആയിരിക്കുന്നതാണ്. മേൽ പ്രകാരം ഒന്നാംപാർട്ടി രണ്ടാംപാർട്ടിക്ക് അനുവദിച്ച് കൊടുത്ത ലൈസൻസ് അനുവാദത്തിന് ലൈസൻസ് ഫീയായി പ്രതിമാസം 16,500/- പതിനാറായിരത്തി അഞ്ഞൂറ്) രൂപ ആദ്യത്തെ ആറ് മാസം വരേക്കും പിന്നീടുള്ള മാസങ്ങളിൽ 17,000/- ( പതിനേഴായിരം) രൂപ വീതവും എല്ലാ ഇംഗ്ലീഷ്മാസവും 05-ാം തിയ്യതിക്കോ അതിനുള്ളിലോ ഒന്നാം പാർട്ടിക്കോ ഒന്നാംപാർട്ടി നിർദ്ദേശിക്കുന്ന ആൾക്കോ രണ്ടാംപാർട്ടി കൊടുത്ത് ബോധ്യപ്പെടുത്തി രശീതി കൈപ്പറ്റേണ്ടതാണ്. രണ്ടാംപാർട്ടി ഉപയോഗിക്കുന്ന കറന്റ് ചാർജ്ജും, വെള്ള ചാർജ്ജും ലൈസൻസും ഫീയിൽ കുറവ് വരുത്താതെ അതാതുസമയം വീഴ്ച്ച കൂടാതെ ഒടുക്കി രണ്ടാംപാർട്ടി ഒന്നാംപാർട്ടിയെ ബോധ്യപ്പെടുത്താനും സമ്മതിച്ചിരിക്കുന്നു. മേൽ പറഞ്ഞതിന് വീഴ്ച്ച വരുത്തി പലിശ, പിഴ മുതലായ ഇനങ്ങളിൽ വല്ല സംഖ്യകളും ഒടുക്കേണ്ടതായി വന്നാൽ ആയതിന് രണ്ടാംപാർട്ടി ബാദ്ധ്യസ്ഥനാണ്.

3. ഈ ലൈസൻസിന്റെ ഉറപ്പിനായി 1,00,000/- (ഒരുലക്ഷം രൂപ) രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി രണ്ടാംപാർട്ടി ഒന്നാംപാർട്ടിക്ക് നൽകിയിരിക്കുന്നു. കാലാവധിക്ക് ശേഷം കെട്ടിടഭാഗത്ത് നിന്നും രണ്ടാംപാർട്ടി ഒഴിവാകുമ്പോൾ മേപ്പടി അഡ്വാൻസ് സംഖ്യ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി യാതൊരു പലിശയും കൂടാതെ ഒന്നാംപാർട്ടി രണ്ടാംപാർട്ടിക്ക് മടക്കി കൊടുക്കേണ്ടതാണ്. ലൈസൻസ് ഫീ ഇനത്തിലോ, മറ്റ് ഏതെങ്കിലും ഇനത്തിലോ വഹകൾക്ക് നാശനഷ്ടം വരുത്തിയ ഇനത്തിലോ, ഒന്നാംപാർട്ടിക്ക് അർഹതപ്പെട്ട സംഖ്യകൾ പിടിച്ച് ബാക്കിവരുന്ന അഡ്വാൻസ് സംഖ്യക്ക് മാത്രമാണ് രണ്ടാംപാർട്ടിക്ക് അവകാശമുള്ളത്.

ഒന്നാംപാർട്ടി

P. Ameer ...

P. Noushad

P. Rashed

Faisal. P

Noufal. P

രണ്ടാംപാർട്ടി

[signature]

4. ടി കെട്ടിടമുറിയിൽ എപ്പോൾ വേണമെങ്കിലും പരിശോധിക്കുവാനും സ്ഥലത്ത് പ്രവേശിക്കാനും ഒന്നാംപാർട്ടി അനുവാദമുണ്ട്. മൂന്ന് (3) മാസത്തെ ലൈസൻസ് ഫീ ബാക്കിയാകുന്ന പക്ഷം ഈ ലൈസൻസ് സ്വമേധയാ റദ്ദാവുന്നതാണ്. ഓരോ 11 മാസം കഴിയുന്ന മുറക്ക് പുതിയ കരാർ തയ്യാറാക്കി ഒപ്പിടേണ്ടതാണ്. ഈ കരാറിനു വിപരീതമായി രണ്ടാംപാർട്ടി പ്രവർത്തിക്കുന്ന പക്ഷവും കരാർ ദുർബ്ബലപ്പെടുന്നതാണ്.

5. മേപ്പടി കെട്ടിടമുറി രണ്ടാംപാർട്ടിയുടെ മേൽ പറഞ്ഞ സ്ഥാപനം നടത്തേണ്ട ആവശ്യത്തിന് ഉപയോഗിപ്പാനല്ലാതെ രണ്ടാംപാർട്ടിക്ക് വല്ല കൈവശമോ മറ്റു അവകാശങ്ങളോ ഉണ്ടായിരിക്കുന്നതല്ല. മേൽ പറഞ്ഞ സ്ഥാപനം നടത്തേണ്ട ആവശ്യത്തിനല്ലാതെ മറ്റു ബിസിനസ്സുകളോ, നിയമവിരോധമായ ബിസിനസ്സുകളോ കെട്ടിടമുറിയിൽ നടത്തുവാൻ രണ്ടാംപാർട്ടിക്ക് അധികാരമില്ലാത്തതുമാണ്.

6. മേൽപറഞ്ഞ കെട്ടിടമുറിയെ രൂപാന്തരപ്പെടുത്താനോ മറ്റൊരാളെ ഏൽപ്പിക്കാനോ, കെട്ടിടഭാഗത്തിന് വല്ല പ്രകൃതി വ്യത്യാസം വരുത്താനോ കെട്ടിടത്തിന് ദോഷം വരുന്ന സാധനസാമഗ്രികളോ മറ്റോ സൂക്ഷിക്കാനോ രണ്ടാംപാർട്ടിക്ക് അധികാരവകാശമില്ലായെന്നു മാത്രമല്ല കെട്ടിടമുറിയിൽ അതാതു കാലത്തെ നിയമങ്ങൾ പ്രകാരം നിരോധിക്കപ്പെട്ട കച്ചവടം നടത്തുകയോ ചെയ്യാൻ പാടില്ലാത്തതും അപ്രകാരം ചെയ്യുന്നതായി ഒന്നാംപാർട്ടിക്ക് ബോദ്ധ്യപ്പെട്ടാൽ ഈ ലൈസൻസ് അനുവാദം പിൻവലിക്കുവാൻ ഒന്നാപാർട്ടിക്ക് അവകാശമുണ്ടെന്നും അതു സംബന്ധമായ നയമനടപടികളുടെ പരിപൂർണ്ണ ഉത്തരവാദിത്വം രണ്ടാംപാർട്ടിക്കാണെന്നും ഈ ലൈസൻസ് കാലാവധിക്കുള്ളിൽ കെട്ടിടഭാഗത്ത് രണ്ടാംപാർട്ടിയുടെ പ്രവൃത്തിയാൽ വല്ലകേടുപാടുകളും വരുന്ന പക്ഷം രണ്ടാംപാർട്ടി ആയതിന് കൂടി ഉത്തരവാദിയാണെന്നും നിശ്ചയിച്ചു സമ്മതിച്ചിരിക്കുന്നു.

7 കെട്ടിടമുറിയും പരിസരവും ചപ്പുചവറുകൾ ഇല്ലാതെ എല്ലായ്പ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ട ഉത്തരവാദിത്വം രണ്ടാംപാർട്ടിക്കുള്ളതാണ്. ഒന്നാംപാർട്ടി നടത്തുന്ന ബിസിനസ്സിൽ നിന്നുള്ള മാലിന്യങ്ങളും അവശിഷ്ടങ്ങളും നിയമവിധേയമാർഗ്ഗത്തിലൂടെ സംസ്ക്കാരിക്കേണ്ട ഉത്തരവാദിത്വം രണ്ടാംപാർട്ടിക്കുള്ളതാണ്.

ഒന്നാംപാർട്ടി

Ameer Ali

P. Noushad.

P Rasheed

Faisal P

Noufal P

(5)

രണ്ടാംപാർട്ടി

സഹീർ മുബാറക് P.K

8. ഇതൊരു വാടക ഏല്പനയല്ല. ലൈസൻസ് അനുവാദം മാത്രമാണ്. അതു കൊണ്ട് സ്ഥലത്തിനേന്മലുള്ള നിയമപ്രകാരമുള്ള അവകാശകൈവശം കൈമാറ്റം ചെയ്യാതെ ഒന്നാംപാർട്ടിയിൽ തന്നെ നിക്ഷിപ്തമായിട്ടുള്ളതാണ്. രണ്ടാംപാർട്ടിക്ക് ഈ കരാറിനാൽ സിദ്ധിച്ചിട്ടുള്ളത് അനുവാദം മാത്രമാണെന്ന കാര്യത്തിൽ രണ്ടാംപാർട്ടിക്ക് തേർച്ചയോ ചോദ്യമോ ഇല്ലാത്തതും പൂർണ്ണബോദ്ധ്യമുള്ളതുമാണ്. ഈ ലൈസൻസ് കാലാവധിക്കുള്ളിൽ ഒന്നാംപാർട്ടിയുടെ കെട്ടിടത്തിന്മേലുള്ള അവകാശകൈവശ ത്തിനെതിരായി രണ്ടാംപാർട്ടി വല്ല പ്രവർത്തികളും ചെയ്തുവെന്ന് ബോധ്യം വരുന്നതാ യാൽ ഒന്നാംപാർട്ടിക്ക് ലൈസൻസ് അനുവാദം മാറ്റൊരു കാരണവും കൂടാതെ പിൻവലി ക്കാവുന്നതും കെട്ടിടമുറിയിൽ നിന്ന് മേൽ പറഞ്ഞ നിശ്ചയങ്ങൾ പാലിച്ച സാധനങ്ങൾ ഒഴിവാക്കി പോകാൻ രണ്ടാംപാർട്ടി ബാധ്യസ്ഥനുമാണ്.

9. ഓരോ 11 മാസകാലാവധിക്ക് ശേഷവും രണ്ടാംപാർട്ടി വഹകളിൽ ഈ അനുവാദപ്രകാരം തുടരുന്ന പക്ഷം നിലവിലെ ലൈസൻസ് ഫീയുടെ 5% വർദ്ധിപ്പിച്ച സംഖ്യ ലൈസൻസ് ഫീയായി നിശ്ചയിച്ചും ഈ കരാറിലെ മറ്റു നിശ്ചയങ്ങൾക്ക് അനുസ രിച്ചും ഉഭയസമ്മതപ്രകാരമുള്ള മറ്റ് നിശ്ചയങ്ങൾക്കനുസരിച്ചും പുതിയ കരാർ ഒപ്പിട്ട് രണ്ടാംപാർട്ടിക്ക് ഈ അനുവാദത്തിന്മേൽ തുടരാവുന്നതുമാണ്. ആയതുപ്രകാരം പുതിയ നിബന്ധനകൾ ഉൾപ്പെടുത്തി ലൈസൻസ് കരാർ പുതുക്കാൻ കൂടി ഒന്നാംപാർട്ടിക്ക് അധി കാരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ തുടർന്നും മേൽപറഞ്ഞ നിശ്ചയങ്ങൾക്ക് അനു സൃതമായി ലൈസൻസ് അധികാരം തുടരുകയും എന്തെങ്കിലും സംഗതിവശാൽ പ്രത്യേകം എഴുതി നിശ്ചയിക്കപ്പെടാതിരിയ്ക്കുകയും ചെയ്താൽ തുടർന്നുള്ള കാലയ ളവും ടി കാലയളവിലെ ലൈസൻസ് ഫീയും ഒന്നാംപാർട്ടി നിശ്ചയിക്കും പ്രകാരം വർദ്ധി പ്പിച്ച് കൊടുത്ത് തീർക്കാൻ രണ്ടാംപാർട്ടി ബാദ്ധ്യസ്ഥനാണെന്ന് നിശ്ചയിച്ച് സമ്മതിച്ചിരി ക്കുന്നു.

ഒന്നാംപാർട്ടി

P. Ameersali

P. Noushad.

P Rasheed

Faisal. P

Noufal P

രണ്ടാംപാർട്ടി

[signature]

10. കാലാവധിക്കുശേഷമോ രണ്ടാംപാർട്ടി കരാറിലെ നിശ്ചയങ്ങൾ ലംഘിക്കുന്ന പക്ഷമോ ഒന്നാംപാർട്ടിക്ക് കെട്ടിടമുറിയിൽ പ്രവേശിക്കാനും രണ്ടാംപാർട്ടിയുടേതായ സാധനസാമഗ്രികൾ കെട്ടിടഭാഗത്ത് നിന്നും എടുത്ത് മാറ്റാനും ഇതിനാലുള്ള അനുവാദം അവസാനിപ്പിച്ച് ഒന്നാംപാർട്ടിയുടെ ഇഷ്ടാനുസരണം കെട്ടിടഭാഗം ഉപയോഗിപ്പാനുള്ള അധികാരം ഒന്നാംപാർട്ടിക്ക് ഉള്ളതും അയതിന്മേൽ രണ്ടാംപാർട്ടിക്ക് യാതൊരു തർക്കങ്ങളോ തേർച്ചയോ ഇല്ലെന്നും പ്രത്യേകം നിശ്ചയിച്ച് സമ്മതിച്ചിട്ടുള്ളതുമാണ്.

ഈ വകുപ്പിൽ പറയുന്ന പ്രകാരം സംഭവിക്കുന്നതായാൽ മേൽ പ്രസ്താവിച്ച ഇനങ്ങളിലുള്ള സംഖ്യകൾക്കു പുറമെ ഒന്നാംപാർട്ടിക്ക് വരുന്ന ചിലവ് നഷ്ടങ്ങൾ കൂടി അഡ്വാൻസ് സംഖ്യയിൽ നിന്നും ഒന്നാംപാർട്ടി വസൂലാക്കുന്നതാണ്.

മേൽ നിശ്ചയപ്രകാരം താഴെ ഒപ്പിടുന്ന സാക്ഷികൾ കാണെ ഇതിൽ നമ്മൾ ഒപ്പിട്ടിരിക്കുന്നു. ഈ കരാറിന്റെ അസ്സൽ ഒന്നാംപാർട്ടിയും ഒരുപാർട്ടികളും ഒപ്പിട്ട ഫോട്ടോസ്റ്റാറ്റ് കോപ്പി രണ്ടാം പാർട്ടിയും സൂക്ഷിക്കാനും നിശ്ചയിച്ചിരിക്കുന്നു.

| ഒന്നാംപാർട്ടി | രണ്ടാംപാർട്ടി |
| --- | --- |
| P. Ameerali | [illegible] P.K |
| P. Noushad | |
| P Rasheed | |
| Faizal P | |
| Noufal P | |

**സാക്ഷികൾ**

1. ജയരാജൻ, കൊട്ടാരത്തിൽ, [illegible]. പട്ടാമ്പി.

2. [illegible]